# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6693 — 01.11.2011 ൽ മറുപടിക്ക്

## സ്കൂൾ വാഹനങ്ങളുടെ അപകടം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി |
| (എ) സ്കൂൾ കുട്ടികളുമായി പോകുന്ന വാഹനങ്ങൾ അപകടങ്ങളിൽപ്പെടാതിരിക്കാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് സ്കൂൾ അധികൃതർക്ക് നൽകിയിട്ടുള്ളത്; | (എ) സ്കൂൾ കുട്ടികളുമായി പോകുന്ന വാഹനങ്ങൾ അപകടങ്ങളിൽപ്പെടാതിരിക്കാൻ ഹെവി, മീഡിയം എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളിലെല്ലാം മണിക്കൂറിൽ 40 കി.മീറ്റർ എന്ന വേഗത സെറ്റ് ചെയ്തിട്ടുള്ള സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരിലുള്ളതോ വാടകയ്ക്കെടുത്തതോ ആയതും സ്കൂൾ കുട്ടികളെ വഹിച്ചുകൊണ്ടു പോകുന്നതുമായ വാഹനങ്ങൾ ഓടിക്കുന്ന വ്യക്തിക്ക് വാഹനം ഓടിച്ചുള്ള 10 വർഷത്തിൽ കുറയാത്ത അനുഭവ പരിജ്ഞാനവും ഹെവി വാഹനങ്ങൾ ഓടിച്ചുള്ള 5 വർഷത്തിൽ കുറയാത്തതുമായ പരിജ്ഞാനവും ഉണ്ടായിരിക്കേണ്ടതാണ്. എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സ് ഓടിക്കുന്ന വ്യക്തി അപകടകരമായ രീതിയിലും അശ്രദ്ധമായും വാഹനം ഓടിച്ചതിന്റെ പേരിലോ മദ്യപിച്ച് വാഹനം ഓടിച്ചതിന്റെ പേരിലോ ശിക്ഷിക്കപ്പെട്ട വ്യക്തി ആകരുത്. കുട്ടികളെ സുരക്ഷിതമായി കയറ്റുന്നതിനും ഇറക്കുന്നതിനും വാഹനത്തിന്റെ ഓരോ കവാടത്തിലും പ്രഗത്ഭനായ ഒരു അറ്റൻഡന്റ് ഉണ്ടായിരിക്കണം. 1989 ലെ കേരള മോട്ടോർ വാഹന ചട്ടം 221 പ്രകാരം ഒരു പബ്ലിക് സർവ്വീസ് വെഹിക്കിളിൽ യാത്ര ചെയ്യുന്ന 12 വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയെ ഒരു യാത്രക്കാരന്റെ പകുതിയായി കണക്കാക്കണമെന്നാണ് നിഷ്കർഷിക്കുന്നത്. 3 വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയെ യാത്രക്കാരനായി കണക്കാക്കേണ്ടതില്ലെന്നും |

പ്രസ്തുത ചട്ടം നിഷ്കർഷിക്കുന്നുണ്ട്. ഈ ചട്ടത്തിന് അനുസൃതമായി മാത്രമേ ബസ്സിൽ കുട്ടികളെ കയറ്റുവാൻ പാടുള്ളൂ. എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിന്റെ ഓരോ കവാടത്തിനും വാതിൽപ്പാളികൾ ഉണ്ടായിരിക്കണം.

സ്കൂൾ ബാഗുകളും മറ്റു സാമഗ്രികളും സൂക്ഷിക്കുന്നതിനായി വാഹനത്തിൽ പ്രത്യേകം സ്ഥലം സജ്ജീകരിച്ചിരിക്കണം. ബസ് അറ്റൻഡർ വാഹനത്തിൽ കയറുന്നതിനും ഇറങ്ങുന്നതിനും സ്കൂൾ കുട്ടികളെ സഹായിക്കുന്നതു കൂടാതെ വിദ്യാർത്ഥികളെ സുരക്ഷിതമായി റോഡ് മുറിച്ചു കടക്കുന്നതിനും സഹായിക്കേണ്ടതാണ്. സ്കൂൾ അധികാരികൾ / പി.റ്റി.എ.ഭാരവാഹികൾ സ്കൂൾ ബസ്സ് ജീവനക്കാരുടെ പെരുമാറ്റവും അവർ നൽകുന്ന സേവനങ്ങളും മിന്നൽ പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ്.

| | |
|---|---|
| (ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) ഈ നിർദ്ദേശങ്ങൾ എല്ലാ സ്കൂൾ അധികൃതരെയും അറിയിച്ചിട്ടുണ്ട്. വാഹന സംബന്ധമായ നിബന്ധനകൾ പാലിക്കാതെ വാഹനങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുകയില്ല. സ്കൂൾ ബസ് ഡ്രൈവർമാർക്കും നടത്തിപ്പു ചുമതലയുള്ളവർക്കും പരിശീലനം നൽകുന്നുണ്ട്. കൂടാതെ വാഹന പരിശോധനാ സമയത്തും നിബന്ധനകൾ പാലിക്കാത്തവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടിയെടുക്കുന്നുണ്ട്. |
| (സി) സ്കൂൾ കുട്ടികളെ കുത്തിനിറച്ച് ഓട്ടോറിക്ഷകളും വാനുകളും ഓടുന്നത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) പല വാഹനങ്ങളും വാഹന പെർമിറ്റ് വ്യവസ്ഥയെ ലംഘിച്ചുകൊണ്ട് അനുവദനീയമായ എണ്ണത്തിലും കവിഞ്ഞ് വിദ്യാർത്ഥികളെ കയറ്റിക്കൊണ്ടു പോകുന്നതും ലൈസൻസ് ഇല്ലാതെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയും ഉപയോഗിക്കുന്നതും കണ്ടെത്തിയിട്ടുണ്ട്.<br>പ്രസ്തുത വാഹനങ്ങൾക്ക് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുകയും വാഹന ഉടമസ്ഥനിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കുകയും, പിഴ ഈടാക്കുന്നതിലേയ്ക്കായി വകുപ്പുതല നടപടികളും കൈക്കൊണ്ടു വരുന്നു. ഇത്തരത്തിൽ 922 ചെക്ക് റിപ്പോർട്ടുകൾ ഈ വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്. രക്ഷകർത്താക്കളെ ബോധവൽക്കരിക്കുവാനുള്ള നടപടികളും നടന്നു വരുന്നു. |

| | |
|---|---|
| (ഡി) തുടരെത്തുടരെ ഉണ്ടാകുന്ന സ്കൂൾ വാഹന അപകടങ്ങൾ ഒഴിവാക്കാൻ പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ? | (ഡി) സ്കൂൾ കുട്ടികളെ കൊണ്ടു പോകുന്ന വാഹനങ്ങൾ തുടരെ തുടരെ അപകടത്തിൽ പെടുന്നത് ഒഴിവാക്കാൻ ട്രാൻസ്പോർട്ട് സെക്രട്ടറി 01.10.2011 ൽ ജില്ലാതല ഉദ്യോഗസ്ഥരുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ പുതുതായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. രക്ഷകർത്താക്കൾ , അധ്യാപകർ, എന്നിവരെ ഉൾപ്പെടുത്തിയുള്ള വ്യാപകമായ ബോധവൽക്കരണമാണ് ഇതിൽ പ്രധാനം. ഇ.ഐ.ബി (എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്) / നോൺ ഇ.ഐ.ബി മുതലായ വാഹനങ്ങൾക്ക് ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും തീരുമാനിക്കുകയുണ്ടായി. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിലേയ്ക്കായി മോട്ടോർ വാഹന വകുപ്പ് , പോലീസ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള സംയുക്ത സ്ക്വാഡ് രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇ.ഐ.ബി വാഹനങ്ങളിലെ ഡ്രൈവർമാർക്കുള്ള പരിശീലനം പൂർത്തിയാക്കുന്നതോടെ പരിശീലനം ലഭിക്കാത്ത ഡ്രൈവർമാരെ ഉപയോഗിക്കരുതെന്ന് നിർദ്ദേശിക്കാൻ കഴിയും. വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷ വ്യക്തമായി വിശദീകരിക്കുന്ന ലഘുലേഖകൾ തയ്യാറാക്കി എല്ലാ സ്കൂളുകളിലും വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ